52 (196) **സ്വാശ്രയ മെഡിക്കൽ/എഞ്ചിനീയറിംഗ് കോളേജുകൾ**

ശ്രീ. എം.കെ. മുനീർ :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ.സി. മൊയിൻകുട്ടി :
ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അദ്ധ്യയനവർഷത്തിൽ സ്വാശ്രയ മെഡിക്കൽ/എഞ്ചിനീയറിംഗ് കോളേജുകൾ സ്ഥാപിക്കാൻ സർക്കാരിന് ഉദ്ദേശമുണ്ടോ;

(ബി) എങ്കിൽ എത്ര കോളേജുകൾ ആരംഭിക്കുമെന്നും, എവിടെയെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) സർക്കാർ മേഖലയിലല്ലാതെ ഏതെല്ലാം കോളേജുകൾ ആരംഭിക്കുമെന്നും, ഏതെല്ലാം ഏജൻസികൾ മുഖേന എന്നും വെളിപ്പെടുത്തുമോ;

(ഡി) ഏജൻസികളെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡം എന്താണ്?

ഉത്തരം

(എ) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ സ്ഥാപിക്കാൻ ഉദ്ദേശമുണ്ട്.

(ബി)&(സി) ഐ.എച്ച്.ആർ.ഡി.യുടെ കീഴിൽ പത്തനംതിട്ടയിലും സഹകരണ മേഖലയിൽ വടകരയിലും സ്വാശ്രയ അടിസ്ഥാനത്തിൽ എഞ്ചിനീയറിംഗ് കോളേജ് സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(ഡി) ഗവൺമെന്റ്, അർദ്ധഗവൺമെന്റ്, സഹകരണ മേഖലകളിൽ സ്ഥാപിക്കുന്നതിനാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്.

53 (197) **സാങ്കേതിക കോളേജുകളിലെ വിദ്യാർത്ഥികളുടെ സാമ്പത്തികസ്ഥിതി**

പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള സാങ്കേതിക കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെയോ അവരുടെ രക്ഷാകർത്താക്കളുടേയോ സാമ്പത്തിക സ്ഥിതിയെപ്പറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(സി) സംസ്ഥാനത്ത് സാങ്കേതിക കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ ഉയർന്ന വരുമാനപരിധിയിൽപ്പെട്ടവരാണെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ;

(ഡി) എങ്കിൽ അതിനുള്ള അടിസ്ഥാനമെന്ത്;

(ഇ) സംസ്ഥാനത്ത് സാങ്കേതിക കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ രക്ഷാകർത്താക്കളുടെ വരുമാനപരിധി എത്രയെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഈ വരുമാന പരിധിയിൽപ്പെടുന്ന രക്ഷാകർത്താക്കളുടെ കുട്ടികൾക്ക് ഒരു ലക്ഷം രൂപ കോഷൻ ഡിപ്പോസിറ്റും പ്രതിവർഷം ഇരുപതിനായിരം രൂപ ഫീസും നൽകാനുള്ള ശേഷിയുണ്ടെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ?

ഉത്തരം

(എ)&(ബി)സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഈ കാര്യത്തിൽ പഠനം നടത്തിയിട്ടില്ല.

(സി)&(ഡി) ഇത് സംബന്ധിച്ച് ഗവൺമെന്റ് സ്ഥിതിവിവര കണക്കുകൾ ശേഖരിച്ചിട്ടില്ല.

(ഇ)&(എഫ്) സാങ്കേതിക കോളേജുകളിൽ പഠിക്കുന്നതിന് വരുമാന പരിധി നിശ്ചയിച്ചിട്ടില്ല.

54 (198) ഫാർമസ്യൂട്ടിക്കൽ എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം

ശ്രീമതി ശോഭനാ ജോർജ് :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട ഫാർമസ്യൂട്ടിക്കൽ എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഏതൊക്കെ മേഖലകളിലെ സാങ്കേതിക വൈദഗ്ദ്ധ്യവും ആവശ്യകതയും കണക്കിലെടുത്താണ് കോഴ്സുകളുടെ രൂപരേഖ തയ്യാറാക്കിയതെന്ന് വ്യക്തമാക്കുമോ;

(സി) ഈ മേഖലയിലെ വിദേശ തൊഴിൽസാദ്ധ്യത കണക്കിലെടുത്തിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)(ബി)&(സി) വിവരം ശേഖരിച്ചു വരുന്നു.

55 (199) ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ നിയമനങ്ങൾ

ശ്രീ. വി.ജെ. പൗലോസ് :

ശ്രീ. വി. ബാലറാം :

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ നിലവിലുള്ള വി.സി. രജിസ്ട്രാർ, പ്രിൻസിപ്പൽ, ഡീൻ എന്നിവരുടെ സേവന കാലാവധി എന്നാണ് അവസാനിക്കുന്നത്;

(ബി) പ്രസ്തുത സർവ്വകലാശാലയുടെ സ്റ്റാറ്റ്യൂട്ട് പ്രകാരം രജിസ്ട്രാറുടെ സ്ഥിരനിയമനത്തിന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly